"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വിസ്- തൊടുപുഴ നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- ജീവനക്കാർക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ.(സാധാ) നം.2239/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 11/10/2019

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 06.04.2016 തീയതിയിലെ ഇ6(എസ്.സി.02/2016/ഐ.ഡി.കെ)6602/2016 നമ്പർ കത്ത്

2 സർക്കാരിന്റെ 31.03.2017തീയതിയിലെ ഇയു2-16/2017-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3 നഗരകാര്യ ഡയറക്ടറുടെ 28.02.2019 തീയതിയിലെ വി3- 8615/2017 നമ്പർ കത്ത്.

## ഉത്തരവ്

ഓപ്പറേഷൻ ടൗൺ ആന്റ് സിറ്റി " എന്ന പേരിൽ വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോയുടെ ഇടുക്കി യൂണിറ്റ് 16.01.2016- ൽ തൊടുപുഴ നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ കെട്ടിട നിർമ്മാണ അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിൽ കാലതാമസം വരുത്തുകയും സീനിയോറിറ്റി മറികടക്കുകയും ചെയ്തതായും, സാമൂഹ്യ സുരക്ഷാ പെൻഷനുവേണ്ടി ലഭ്യമായ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം വരുത്തിയതായും പ്രസ്തുത വിജിലൻസ് പരിശോധനാ ദിവസം ജീവനക്കാർ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്നതായും ജീവനക്കാർ തങ്ങളുടെ കൈവശമുള്ള പണം ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തിയതായും വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോയുടെ നിർദ്ദേശ പ്രകാരമുള്ള ബോർഡ് നഗരസഭാ ഓഫീസിൽ പ്രദർശിപ്പിച്ചിരുന്നില്ലായെന്നും

കണ്ടെത്തിയതിന്റെയടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്നതിന് സീനിയർ ക്ലർക്ക് ശ്രീ. സജിമോൻ .എ.ഇടക്കര, ബിൽ കളക്ടർ ശ്രീ.ഡിന്റോമോൻ ജോസഫ്, ടൈപ്പിസ്റ്റ് ശ്രീമതി. സി.വി സുബൈദ എന്നിവർക്കെതിരെയും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തങ്ങളുടെ കൈവശമുണ്ടായിരുന്ന തുകയുടെ വിവരം ജിവനക്കാർ രേഖപ്പെടുത്താത്തതിന് സൂപ്രണ്ടായിരുന്ന ശ്രീ പി.എൽ.ജോസഫിന് കൃത്യനിർവ്വഹണത്തിലുള്ള വീഴ്ചയ്ക്കും പരാമർശം 2 പ്രകാരം കുറ്റാരോപണമെമ്മോ/പത്രിക നൽകിയിരുന്നു. കുറ്റാരോപണ മെമ്മോയ്ക്ക് ടിയാളുകൾ സമർപ്പിച്ച മറുപടികളിന്മേൽ കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച അന്വേഷണറിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. ശ്രീമതി സി. വി സുബൈദ രോഗബാധിതയായി 13.01.2016-. ൽ ചികിത്സയ്ക്കായി ആശുപത്രിയിൽ പോയിട്ടുള്ളതാണെന്നും ആയത് ഓഫീസിൽ ടെലിഫോൺ മുഖേന അറിയിച്ചിട്ടുള്ളതാണെന്നും തുടർന്ന് 14.01.2016 മുതൽ 16.01.2016 വരെ തുടർച്ചയായി ഓഫീസിൽ ഹാജരാകാൻ കഴിഞ്ഞിരുന്നില്ലെന്നും ശ്രീമതി.സുബൈദ. മറുപടി സമർപ്പിച്ചിരുന്നുവെന്നും, അവധി ആരംഭിച്ച ദിവസം (13.01.2016) അവധി അപേക്ഷ സമർപ്പിക്കുവാൻ കഴിഞ്ഞിരുന്നില്ലെന്നും രോഗം ഭേദമായി ഓഫീസിൽ ഹാജരായ 17.01.2016-ൽ അവധി അപേക്ഷ നിയമാനുസൃതം സമർപ്പിക്കുകയും ആകസ്മികാവധി അനുവദിച്ചു നല്കുകയും ചെയ്തിട്ടുണ്ടെന്നും വിജിലൻസ് പരിശോധനാ ദിവസമായ 16.01.2016 ൽ ഓഫീസിൽ ഹാജരാകാൻ സാധിക്കാത്തത് ടിയാരിയുടെ ഭാഗത്തുനിന്നുണ്ടായ മനഃപൂർവ്വമായ അച്ചടക്ക ലംഘനമായി കണക്കാക്കാതെ മാപ്പാക്കി നടപടിയിൽ നിന്നും ഒഴിവാക്കുന്നതിനും ശ്രീമതി സി.വി.സുബൈദയുടെ മറുപടിയിൽ അപേക്ഷിച്ചിരുന്നു .

3. ശ്രീ സജിമോൻ എ.ഇടക്കരയുടെ വീട് തൊടുപുഴ നഗരസഭയിൽ നിന്നും 20 കി.മീ അകലെയാണെന്നും ഓഫീസിൽ വരുന്ന യാത്രാമദ്ധ്യേ ടിയാന്റെ ബൈക്കിന്റെ ടയർ പഞ്ചറായതിനാലാണ് വിജിലൻസ് അന്വേഷണ ദിവസം ഓഫീസിൽ ഹാജരാകാൻ വൈകിയതെന്നും ആയത് ഓഫീസിൽ ടെലിഫോൺ മുഖേന അറിയിക്കുന്നതിന് . കഴിഞ്ഞിരുന്നില്ലെന്നും ടിയാൻ മറുപടി സമർപ്പിച്ചിരുന്നുവെന്നും, വിജിലൻസ് പരിശോധനാ ദിവസം ഓഫീസ് അറ്റൻഡൻസ് രജിസ്റ്ററിൽ ഉച്ചവരെ 1/2 ദിവസത്തെ ആകസ്മികാവധി മാർക്ക ചെയ്യുകയും ഉച്ചയ്ക്ക് ശേഷം അറ്റൻഡൻസ് രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും ഓഫീസിൽ കൃത്യസമയത്ത് ഹാജരാകാതിരുന്നത് ടിയാന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ച മാപ്പാക്കണമെന്നും ശ്രീ സജിമോൻ എ . എടക്കര മറുപടി സമർപ്പിക്കുകയുണ്ടായി. .

4. തൊടുപുഴ നഗരസഭയിലെ 28.06.2014 ൽ ഓഫീസ് സർക്കുലർ ജി .1-1563/14 നമ്പർ പ്രകാരം എല്ലാ ജീവനക്കാരും പ്രവൃത്തി ദിവസത്തിന്റെ ആരംഭത്തിൽ തങ്ങളുടെ കൈവശം വച്ചിരിക്കുന്ന രൂപയുടെ വിവരം ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണെന്നും ഓഫീസ് സൂപ്രണ്ട് എന്ന നിലയിൽ ശ്രീ പി . എൽ ജോസഫ് ഓരോ ദിവസവും എല്ലാ ജീവനക്കാരും പാലിക്കേണ്ട കാര്യങ്ങൾ ഓർമ്മിപ്പിച്ചുവന്നിട്ടുള്ളതുമാണെന്നും പ്രസ്തുത ഓഫീസ് സർക്കുലർ പ്രകാരമുള്ള, കാര്യങ്ങളിൽ ജീവനക്കാർ അലംഭാവം കാണിക്കുന്നു എന്നു കണ്ടെത്തിയതിനാൽ 30.05.2016- ലെ ഓഫീസ് സർക്കുലർ ജി .1-1563/14 നമ്പർ പ്രകാരം കർശ്ശന നിർദ്ദേശം നല്കിയിട്ടുള്ളതാണെന്നും ശ്രീ . പി . എൽ . ജോസഫ് മറുപടി സമർപ്പിക്കുകയുണ്ടായി.

5. നഗരസഭയിൽ വിജിലൻസ് പരിശോധന ദിവസമായ 16.01.2016- ൽ , കാലിനു പരിക്ക് പറ്റിയതിനാൽ ഓഫീസിൽ ഹാജരാകുവാൻ കഴിഞ്ഞിരുന്നില്ലെന്നും ആയത് സെക്ഷൻ മേലധികാരിയെ ഫോൺ സന്ദേശം മുഖേന അറിയിച്ചിരുന്നതായും ആയതിനാൽ തുടർ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ശ്രീ ഡിന്റോമോൻ ജോസഫ് മറുപടി സമർപ്പിച്ചിരുന്നു.

6. ജീവനക്കാരുടെ മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച അന്വേഷണറിപ്പോർട്ട് പ്രകാരം തൊടുപുഴ നഗരസഭയിലെ 2016- ലെ അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിൽ സീനിയർ ക്ലാർക്ക് ശ്രീ സജിമോൻ എ. ഇടക്കരയ്ക്ക് 16.01.2016- ൽ രാവിലെ 1/2 ദിവസത്തെ ആകസ്മികാവധി രേഖപ്പെടുത്തിയിട്ടുള്ളതായും, ക്ലാർക്ക് ശ്രീ ഡിന്റോമോൻ ജോസഫിന് ഡ്യൂട്ടി ഓഫും, ടൈപ്പിസ്റ്റ് ശ്രീമതി സി.വി.സുബൈദയ്ക്ക് 13.01.2016 മുതൽ 16.01.2016 വരെ ആകസ്മികാവധിയും രേഖപ്പെടുത്തിയിരിക്കുന്നതായും എന്നാൽ കാഷ്വൽ ലീവ് ആപ്ലിക്കേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ ടി ജീവനക്കാർ ലീവ് ആപ്ലിക്കേഷൻ നൽകിയതായി കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലെന്നും പ്രസ്തുത കാലയളവിൽ കാഷ്വൽ ലീവ് രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതും 01.01.2018 മുതലാണ് തൊടുപുഴ നഗരസഭയിൽ ലീവ് രജിസ്റ്റർ പരിപാലിച്ചു തുടങ്ങിയതെന്നും കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു .

7. ശ്രീമതി സി.വി.സുബൈദ നല്കിയ മറുപടിയിൽ ടിയാരി സുഖമില്ലാത്തതിനാൽ ആശുപത്രിയിലായിരുന്നു എന്ന വാദത്തിനും ശ്രീ. ഡിന്റോമോൻ ജോസഫിന്റെ കാലിന് പരിക്ക് പറ്റിയതിനാലാണ് ഓഫീസിൽ ഹാജരാകുവാൻ കഴിയാത്തതെന്ന വാദത്തിനും തെളിവുകളായി മെഡിക്കൽ സംബന്ധമായ രേഖകൾ ഒന്നുംതന്നെ ഹാജരാക്കിയതായി കാണുന്നില്ലെന്നും ശ്രീ സജിമോൻ എ. ഇടക്കരയുടെ വളരെ ദൂരത്തു നിന്നും വരുന്നതും ടിയാന്റെ ബൈക്കിന്റെ ടയർ പഞ്ചറായതിനാൽ വൈകി എന്ന വാദം സർക്കാർ ജീവനക്കാർ സർക്കാർ ഓഫീസിന്റെ പരിധിയ്ക്കുള്ളിൽ താമസിക്കണമെന്ന വ്യവസ്ഥയ്ക്ക് (ഗവൺമെന്റ് സർവെന്റ് കോൺടാക്റ്റ് റൂൾ 1960 1.11

പ്രകാരം) വിരുദ്ധമാണെന്നും ആയതിനാൽ ടി ജീവനക്കാർ നൽകിയിരിക്കുന്ന മറുപടി വസ്തുതാപരമായി നിലനിൽക്കാത്തതുമാണെന്ന് കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. നഗരസഭയിലെ ജീവനക്കാർ തങ്ങളുടെ കൈവശമുള്ള പണം ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നുള്ളത് ഓരോ ജീവനക്കാരും ഔദ്യോഗികമായി പാലിക്കേണ്ട കടമയാണെന്നും ആയതിൽ സൂപ്രണ്ടായ ശ്രീ പി.എൽ ജോസഫിന് ഉത്തരവ് നൽകുവാനും, ആയത് പരിപാലിക്കുവാനായി നഗരസഭാ ജീവനക്കാർക്ക് നിർദ്ദേശം നൽകുവാനും മാത്രമാണ് സാധിക്കുകയെന്നും ജീവനക്കാർക്ക് 28.06.2014-ൽ ജി .1-1563/14 നമ്പർ പ്രകാരം ടി വിഷയത്തിൽ നഗരസഭാ സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുള്ളതും വിജിലൻസ് അന്വേഷണത്തിനു ശേഷം ടി വിഷയത്തിൽ വീണ്ടും 30.05.2016- ൽ ജി .1-1563/14 പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതുമാണെന്ന് ശ്രീ.പി.എൽ ജോസഫിന്റെ മറുപടി അംഗീകരിക്കാവുന്നതാണെന്നും കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

8. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പ്രകാരം, നഗരസഭാ ജീവനക്കാർ തങ്ങളുടെ കൈവശമുള്ള പണം ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ എഴുതി രേഖപ്പെടുത്തണമെന്ന നിർദ്ദേശം വിജിലൻസ് അന്വേഷണത്തിന് മുമ്പുതന്നെ നൽകിയിട്ടുള്ളതിനാൽ ശ്രീ.പി.എൽ ജോസഫ് തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ബോധപൂർവ്വമായി വീഴ്ച വരുത്തിയിട്ടില്ലാത്തതായി വിലയിരുത്താവുന്നതും ടിയാൻ റവന്യൂ ഇൻസ്പെക്ടർ ഗ്രേഡ് -II തസ്തികയിൽ നിന്നും 30.06.2018 ൽ സേവനത്തിൽ നിന്നും വിരമിച്ചത് പരിഗണിച്ചും ശ്രീ.പി.എൽ ജോസഫിനെ അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കുന്നതാണ് എന്ന് അഭിപ്രായപ്പെടുന്നു. എന്നാൽ പ്രസ്തുത കാലയളവിൽ സീനിയർ ക്ലാർക്കായിരുന്നതും നിലവിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്നതുമായ ശ്രീ സജിമോൻ എ.ഇടക്കര, ക്ലാർക്ക് ശ്രീ ഡിന്റോമോൻ ജോസഫ്, ടൈപ്പിസ്റ്റ് ശ്രീമതി സി.വി സുബൈദ എന്നിവരുടെ പ്രതിവാദ പത്രികയിലെ വാദങ്ങളും ലീവിന്റെ പരാമർശങ്ങളും വസ്തുതാപരമല്ലെന്നും ടി ജീവനക്കാരുടെ ഭാഗത്തുനിന്നും ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായും ബോദ്ധ്യപ്പെട്ടിട്ടുള്ള തിനാൽ ശ്രീ സജിമോൻ എ.ഇടക്കര, ശ്രീ ഡിന്റോമോൻ ജോസഫ്, ശ്രീമതി സി.വി സുബൈദ എന്നീ ജീവനക്കാർക്കെതിരെ ഉചിതമായി ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു .

9. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോ യിന്മേലുള്ള മറുപടി, നഗരകാര്യ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് എന്നിവ പ്രകാരം വിശദമായി പരിശോധിച്ചു. അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്നു എന്ന ആരോപണത്തിന് ശ്രീ സജിമോൻ എ.ഇടക്കര, ശ്രീ

ഡിന്റോമോൻ ജോസഫ്, ശ്രീമതി സി.വി സുബൈദ എന്നിവർ സമർപ്പിച്ച മറുപടി പൂർണമായും അംഗീകരിക്കാവുന്നതല്ല. എന്നാൽ ശ്രീ.പി.എൽ.ജോസഫ് തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ബോധപൂർവ്വമായി വീഴ്ച വരുത്തിയിട്ടില്ല എന്ന് കാണുന്നു .

10. മേൽ സാഹചര്യത്തിൽ വിജിലൻസ് റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ തൊട്ടുപുഴ നഗരസഭയിലെ ഉദ്യോഗസ്ഥർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി, 30.06.2018- ൽ സേവനത്തിൽ നിന്നും വിരമിച്ച, സൂപ്രണ്ടായിരുന്ന ശ്രീ പി.എൽ ജോസഫിനെതിരായ തുടർനടനടപടികൾ ഒഴിവാക്കിയും സീനിയർ ക്ലാർക്കായിരുന്ന ശ്രീ സജിമോൻ എ. ഇടക്കര, ക്ലാർക്ക് ശ്രീ ഡിന്റോമോൻ ജോസഫ്, ടൈപ്പിസ്റ്റ് ശ്രീമതി സി.വി സുബൈദ എന്നിവർക്ക് "സെൻഷ്വർ" നൽകിയും തീർപ്പാക്കി ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
അഡീഷണൽ സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ,കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ പി.എൽ ജോസഫ്,സൂപ്രണ്ട്, തൊട്ടുപുഴ നഗരസഭ
ശ്രീ സജിമോൻ എ. ഇടക്കര,സീനിയർ ക്ലാർക്ക്,തൊട്ടുപുഴ നഗരസഭ
ശ്രീ ഡിന്റോമോൻ ജോസഫ്, ക്ലാർക്ക്, തൊട്ടുപുഴ നഗരസഭ
ശ്രീമതി സി.വി സുബൈദ, ടൈപ്പിസ്റ്റ് , തൊട്ടുപുഴ നഗരസഭ
(നഗരകാര്യഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ്
(30.04.2019 തീയതിയിലെ VIG-D1/267/2019-VIG നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Danuji MS

സെക്ഷൻ ഓഫീസർ